**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനുമായി യുവ സംരംഭകത്വ പദ്ധതിയും സ്റ്റാർട്ടപ്പുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു. യുവ സംരംഭകത്വ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്: 1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട് 2. ഇൻകുബേഷൻ സഹായം 3. വിജ്ഞാന നൈപുണ്യ വികസനം 4. ആക്സിലറേറ്റർ 5. ഫണ്ടിംഗും സംരംഭ വികസനവും 6. പ്രോഡക്ടൈസേഷനും മാർക്കറ്റിങ്ങും 7. വിനിമയവും അന്തർദേശീയ ഉൾക്കൊള്ളലും (Exchanges & Global Immersion) 8. നൂതന ഗവേഷണ പരിപാടികൾ 9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും |
| (ബി) | കോഡിംഗ്, റോബോട്ടിക്സ്, നിർമ്മിതബുദ്ധി, മെഷീൻ ലേണിങ്, ബിഗ് ഡേറ്റ തുടങ്ങിയ മേഖലകളിൽ കേരളത്തിൽ സ്റ്റാർട്ടപ്പുകൾ തുറന്നിട്ടുണ്ടോ; ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കോഡിംഗ്, റോബോട്ടിക്സ്, നിർമ്മിതബുദ്ധി, മെഷീൻ ലേണിങ്, ബിഗ് ഡേറ്റ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഭൂരിഭാഗം സാങ്കേതിക സ്റ്റാർട്ടപ്പുകളും ഉപയോഗപ്പെടുത്തിവരുന്നു. മെഷീൻ ലേണിംഗ്, ബിഗ് ഡേറ്റ എന്നിവയിൽ ഏകദേശം 150 ഉം റോബോട്ടിക്സിൽ ഏകദേശം 50 ഉം കോഡിംഗിൽ 1000 ലധികവും സ്റ്റാർട്ടപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ സ്റ്റാർട്ടപ്പ് മേഖലയിൽ സംസ്ഥാനത്ത് മുപ്പത്തി അയ്യായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | സ്റ്റാർട്ടപ്പ് മിഷനിലൂടെ സംരംഭകത്വ സാങ്കേതിക പരിജ്ഞാനശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേക്ക് നയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | വനിതകളെ സ്റ്റാർട്ടപ്പ് രംഗത്തേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു: |

| | | | |
|---|---|---|---|
| | | | 1. പ്രത്യേക ഇൻകുബേഷൻ പരിപാടി 2. വാർഷിക വനിതാ സമ്മേളനം 3. വിവിധ പരിശീലന പരിപാടികൾ 4. പ്രത്യേക ഗ്രാന്റിനുള്ള അവസരം 5. വനിതാ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾക്ക് വിധേയമായി അതിവേഗ വായ്പ സൗകര്യം |
| (ഡി) | സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാനും നിക്ഷേപം ആകർഷിക്കാനും കൂടുതൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാനും നിക്ഷേപം ആകർഷിക്കാനും താഴെപ്പറയുന്ന പദ്ധതികൾ / പരിപാടികൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. 1. ഫണ്ട് ഓഫ് ഫണ്ട് - സെബി അംഗീകാരമുള്ള ഏയ്ഞ്ചൽ ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് (ഫണ്ട് ഓഫ് ഫണ്ട്) പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി മുഖേന 77.26 കോടി രൂപ മൂലധന നിക്ഷേപമായി വിവിധ സ്റ്റാർട്ടപ്പുകൾക്ക് ഇതിനോടകം ലഭ്യമായിട്ടുണ്ട്. 2. ഇന്നവേഷൻ ഗ്രാന്റ് - ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, സ്കെയിലപ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിവ ഉൾപ്പെട്ട ഇന്നവേഷൻ ഗ്രാന്റിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നേരിട്ട് ലഭ്യമാക്കി വരുന്നു. 3. സീഡ് ഫണ്ട് - 15 ലക്ഷം രൂപ വരെ ലഘുവ്യവസ്ഥകളിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ മറ്റ് ഫണ്ടുകളുമായും (വ്യക്തികളും സ്ഥാപനങ്ങളും നിക്ഷേപിക്കുന്ന ഫണ്ടുകൾ ഉൾപ്പെടെ) ഉയർന്നശേഷിയുള്ള വ്യക്തിഗത നിക്ഷേപകരുമായും സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്തി മൂലധന നിക്ഷേപം ലഭ്യമാക്കുന്നതിനുള്ള സഹായവും സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ